കാസർഗോഡ്, വയനാട് ജില്ലകളിലെ കാർഷിക പാക്കേജുകൾ

18 (*438) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്, വയനാട് ജില്ലകളിലെ കാർഷിക പാക്കേജുകളുടെ നിലവിലെ സ്ഥിതിയെന്തെന്ന് അറിയിക്കാമോ ;

(ബി) ഇവയിൽ ഏതിന്റെയൊക്കെ കാലാവധി അവസാനിച്ചുവെന്നറിയിക്കാമോ ;

(സി) കാലാവധി നീട്ടിക്കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പാക്കേജുകളുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എന്തെല്ലാം പോരായ്മകളാണ് പ്രസ്തുത പാക്കേജുകളുടെ നടത്തിപ്പിൽ വന്നിട്ടുള്ളതെന്ന് അറിയിക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 125 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വികസന പദ്ധതി 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് 15 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വയനാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലുമുള്ള ഇടിവ്, വിലത്തകർച്ച, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവമൂലം പ്രതിസന്ധിനേരിടുന്ന വയനാട് ജില്ലയിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം മുതൽ വയനാട് പാക്കേജ് എന്ന പേരിൽ ഒരു സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷത്തിലും ഇത് തുടർ പദ്ധതിയായി നടപ്പിലാക്കിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് പാക്കേജിന്റെ കാലാവധി അവസാനിച്ചിട്ടില്ല

വയനാട് പാക്കേജ് പദ്ധതി ഒരു തുടർ പദ്ധതിയായി നടപ്പ് സാമ്പത്തിക വർഷവും നടപ്പിലാക്കിവരുന്നു.

(സി) ബാധകമല്ല.

(ഡി) കാസർഗോഡ് ജില്ലയിൽ ഉൾപ്പെട്ട പദ്ധതികൾ (പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ) വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായി ഒരു ജില്ലാതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

വയനാട് പാക്കേജ് പദ്ധതിയെ സംബന്ധിച്ച് കൃഷി ഡയറക്ടറേറ്റ്തലത്തിൽ കാലാകാലങ്ങളിൽ വിലയിരുത്തൽ നടത്താറുണ്ട്. ഇതിൽ പോരായ്മകളൊന്നും കണ്ടെത്തിയിട്ടില്ല.

വയോജന കമ്മീഷൻ

19 (*439) ശ്രീ. കെ. രാജു :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) വയോജനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളും പരാതികളും കൈകാര്യം ചെയ്യുന്നതിന് ജുഡീഷ്യൽ അധികാരമുള്ള കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly